# ദൈവം ഉണ്ടെന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ?

---

ദൈവം ഉണ്ടെന്നു നിങ്ങൾ വിശ്വക്കുന്നുവോ? "അതെ, തീർച്ചയായും ഞാൻ നിങ്ങളോടു ചോദിക്കട്ടെ, "എപ്രകാരമുള്ള ദൈവത്തിലാണ് നിങ്ങൾ വിശ്വസിക്കുന്നത്?"

"പ്രകൃതിയുടെ അത്ഭുതപ്രതിഭാസങ്ങളിലൂടെ എനിക്കു ദൈവത്തെ കാണ്മാൻ കഴിയുന്നു" എന്നു പലർക്കും അഭിപ്രായം ഉണ്ടായേക്കാം.പ്രകൃതി ദൈവത്തിന്റെ മഹത്വത്തെ പ്രകീർത്തിക്കുന്നു എന്നതിനാൽ അവരുടെ വാദം ന്യായവുമാണ്. മഹാ സമുദ്രങ്ങളുടെ അപാരത നാം ഇഷ്ടപ്പെടുന്നു. വനങ്ങളുടെ അസാധാരണമായ സൗന്ദര്യത്താൽ നാം പുളകിതരാകുന്നു. പർവ്വതങ്ങളുടെ ഉത്തുംഗ മഹിമയാൽ നാം ആകൃഷ്ടരാകുന്നു. വിശാലവിഹായസ്സിന്റെ പ്രാകശിച്ചുകൊണ്ടിരിക്കുന്ന നക്ഷത്രങ്ങളാൽ നാം അത്ഭുതപരതന്ത്രരായിത്തീരുന്നു. റോസാപുഷ്പങ്ങളുടെയും മറ്റും സൗകുമാര്യവും സൗരഭ്യവും നാം ഇഷ്ടപ്പെടുന്നു. തന്നിമിത്തം പ്രകൃതിയിലൂടെ ദൈവം നമ്മോടടുത്തു വരുന്നു എന്നുള്ളതു ഒരു യാഥാർത്ഥ്യമാണ്. സ്രഷ്ടാവിന്റെ പ്രവൃത്തിയിൽ നമുക്കു നല്ലാത്ത ഒരു കാര്യമുണ്ട്. പരിശുദ്ധനായ ദൈവവുമായി നമ്മെ ബന്ധപ്പെടുത്താനോ പ്രയാസഘട്ടത്തിൽ നമ്മെ ആശ്വസിപ്പിക്കാനോ അതിനു കഴിയുകയില്ല.

എന്നാൽ ചിലർ, "ഞങ്ങൾ യഥാർത്ഥമായി ദൈവത്തെ അറിയുന്നില്ലെങ്കിലും വിധിയിലും ഭാഗ്യത്തിലും ഞങ്ങൾ വിശ്വസിക്കുന്നു" എന്ന് പറയാറുണ്ട്. ഒരു വ്യോമസേനാ പൈലറ്റിന്റെ ശവസംസ്കാരം ശുശ്രൂഷിാവേളയിൽ കല്ലറയ്ക്കരുകിൽ വച്ച് സൈനിക മേധാവി ഇപ്രകാരം പറഞ്ഞു: "പ്രിയ സ്നേഹിതാ, താങ്കൾ യുദ്ധത്തിൽ ഞങ്ങളോടൊത്തു ഉണ്ടായിരുന്നു. അങ്ങനെ വിജയവും ബഹുമതിയും നാം കൈവരിച്ചു. താങ്കൾ മാതൃരാജ്യത്തോടു കൂറു പുലർത്തി. യുദ്ധനിരയ്ക്കു പിന്നിൽ യുവാക്കളെ നയിക്കുവാനായി ഞങ്ങൾ താങ്കളെ അയച്ചു. എന്നാൽ ഇപ്പോൾ താങ്കളുടെ ദൗത്യത്തിനിടയ്ക്കു വിധി താങ്കളെ അപഹരിച്ചിരിക്കുന്നു. ആ നഷ്ടത്തിൽ ഞങ്ങൾ എന്തുമാത്രം ദുഃഖിതരാണ്."

വിധിയിലോ ഭാഗ്യത്തിലോ ഉള്ള വിശ്വാസം അവിശ്വാസികളുടെ മാത്രം ആചാരമാണെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? യവനന്മാരും റോമാക്കാരും അതുപോലെ പൗരാണികരും ആധുനികരുമായ മറ്റു വിഗ്രഹാരാധകരും ഈ വിശ്വാസത്തിന് അടിമകളായിരുന്നു. വിധിയെക്കുറിച്ചും ഭാഗ്യത്തെക്കുറിച്ചും ആളുകൾ സംസാരിക്കുമ്പോൾ തന്നെ സ്വയം വെളിപ്പെടുത്തിയ സ്നേഹസ്വരൂപനായ യഥാർത്ഥ ദൈവത്തെക്കുറിച്ച് അവർക്ക് യാതൊരറിവുമില്ല എന്നതാണ് സത്യം. നാം അന്ധമായ വിധിയുടെ ശക്തിക്ക് കീഴിലല്ല. പ്രത്യുത, നമ്മുടെ ജീവിത പദ്ധതി തന്നോടുകൂടെ ആവിഷ്കരിക്കുവാൻ നമ്മെ അനുവദിക്കുകയും എല്ലാക്കാലത്തും നമ്മെ ഉത്തരവാദിത്വബോധമുള്ളവരാക്കിത്തീർക്കുകയും ചെയ്യുന്ന കൃപാലുവായ ദൈവത്തിന്റെ ശക്തിക്ക് കീഴിലത്രേ.

മറ്റു ചിലർ, "തങ്ങൾ യാതൊരു പാപവും ചെയതിട്ടില്ല,മോഷ്ടിച്ചിട്ടില്ല, ആരെയും നശിപ്പിച്ചിട്ടില്ല, ഭാര്യയോടുപോലും വഴക്ക് കൂടുകയോ ഉപദ്രവിക്കുകയോ ചെയ്തിട്ടില്ല" എന്ന് വമ്പു പറയുന്നതിനാൽ അവർക്ക് ദൈവത്തിന്റെ ആവശ്യമില്ലെന്നു ചിന്തിക്കുന്നവരാണ്. "ജോലി ചെയ്യുന്നതിൽ കൂട്ടുകാരെക്കാൾ ഞാൻ സമർത്ഥനാണ്. തന്റെ മതം വളരെ സത്യസന്ധമായതാണ്. അതിനാൽ തനിക്കൊന്നും ഭയപ്പെടാനില്ല" എന്നിങ്ങനെ ചിന്തിച്ച്, ദൈവവുമായി താൻ ബന്ധപ്പെട്ടവനായിരിക്കണം എന്ന ആവശ്യകതയെ തന്നെ നിഷേധിക്കുന്നു. സത്യവിരുദ്ധവും അവനവനെ വഞ്ചിക്കുന്നതുമായ ഒരുതരം സ്വഭാവമാണിതെന്ന് താങ്കൾക്കു മനസ്സിലാകുന്നില്ലയോ? താങ്കൾ പാപമൊന്നും ചെയ്തിട്ടില്ലെന്നും തിന്മ പ്രവർത്തിച്ചിട്ടില്ലെന്നും കരുതുന്നുവോ? വേദപുസ്തകം വ്യക്തമായി പറയുന്നു: "നീതിമാൻ ആരുമില്ല, ഒരുത്തൻ പോലുമില്ല... എല്ലാവരും വഴിതെറ്റിപ്പൊയി... നന്മചെയ്യുന്നവർ ആരുമില്ല" (റോമർ 3:10-12).

നിങ്ങളുടെ ജീവിതത്തെക്കുറിച്ച് ആഴമായി ചിന്തിക്കുക. പരസ്യമായും നിഷ്കളങ്കമായും നിങ്ങളുടെ പാപങ്ങളെ ഏറ്റു പറയുക. ദൈവകല്പനകളെ നിങ്ങൾ അതിലംഘിക്കുകയും മറ്റുള്ളവരെ സ്നേഹിക്കുന്നതിൽ നിങ്ങൾ പരാജയപ്പെടുകയും ചെയ്തിരിക്കുന്നു.

ദൈവം ജീവിക്കുന്നു എന്നതിനാൽ അവന്റെ നാമം മഹത്വപ്പെടുമാറാകട്ടെ. അവൻ ലോകത്തെ സൃഷ്ടിച്ചു പരിരക്ഷ്ക്കുന്നു. അവൻ രാഷ്ട്രങ്ങളുടെ മേൽ ആധിപത്യം നടത്തുകയും മാനവ ചരിത്രത്തിലൂടെ തന്റെ മഹത്വം വെളിപ്പെടുത്തുകയും ചെയ്യുന്നു. അവൻ സർവ്വശക്തനാണ്. അതിനാൽ ചെറുതും വലുതുമായ എല്ലാ കാര്യങ്ങളിലും അവന് നമ്മെ സഹായിക്കാൻ കഴിയും. രാഷ്ട്രങ്ങളുടെ ചരിത്രം പഠിച്ചാൽ, ദൈവകല്പനകൾ അനുസരിച്ചവർക്കു മാത്രമേ പുരോഗമിക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്നും മനസ്സിലാക്കാൻ കഴിയും.

ദൈവം മോശയ്ക്കു നല്കിയ പത്തുകല്പനകളാണ് എല്ലാവർക്കും ഉൽകൃഷ്ടജീവിതത്തിനു ആധാരമാക്കിയിരിക്കുന്നത്. ദൈവകല്പനകളെ നിരാകരിക്കുന്നവൻ ദുഷ്ടനാണ്. അവൻ മറ്റുള്ളവർക്കും തനിക്കുതന്നെയും വളരെ വേദനയുണ്ടാക്കുന്നു. തട്ടിക്കൊണ്ടു പോകൽ, കൊലപാതകം, മോഷണം മുതലായവ എന്തുകൊണ്ടാണ് സർവ്വ സാധാരണമായിരിക്കുന്നത്, നികൃഷ്ടവും അപകീർത്തിപരവുമായ പ്രവർത്തനങ്ങളാൽ എപ്രകാരമാണ് പാപം രൂപപ്പെടുന്നത്, ഇത്യാദി കാര്യങ്ങൾ നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ഈ ദുഷ്ടപ്രവൃത്തികൾക്കെല്ലാം കാരണം ദൈവഭയം നമുക്ക് നഷ്ടപ്പെടുകയും സകല മനുഷ്യർക്കും വേണ്ടി അവിടുന്നു സ്ഥാപിച്ചിട്ടുള്ള കല്പനകൾ നിരാകരിക്കുകയും ചെയ്തതാണ്. പണം മാത്രം കാംക്ഷിക്കുന്ന രാഷ്ട്രങ്ങൾ പാതകമായ സുഖലോലുപതയിലേക്ക് വഴുതിവീഴുന്നു. തന്നിമിത്തം അവിടെ ഭോഗേച്ഛകളും പാപവും പെരുകുന്നു. തന്മൂലം മരണഭീതിയും തജ്ജന്യമായ ദുരിതങ്ങളും അഭിമുഖീകരിക്കുന്ന ഈ വേളയിൽ ഞങ്ങൾ ഓരോ വ്യക്തിയെയും ജീവനുള്ള ദൈവത്തിങ്കലേക്ക് ക്ഷണിക്കുന്നു. കാരണം അവനു മാത്രമേ ഇതിൽനിന്നു പരിപൂർണ്ണമായി രക്ഷിക്കാൻ കഴിയൂ. യിരെമ്യാ പ്രവാചകൻ പറഞ്ഞതുപോലെ അവനെ വിളിച്ചപേക്ഷിക്കുക. "ദേശമേ, ദേശമേ, ദേശമേ, യഹോവയുടെ വചനം കേൾക്ക!" (യിരമ്യാവ് 22:29). "എന്റെ ജനം രണ്ടു ദോഷം ചെയ്തിരിക്കുന്നു. അവർ ജീവജാലത്തിന്റെ ഉറവയായ എന്നെ ഉപേക്ഷിച്ചു. വെള്ളമില്ലാത്ത കിണറുകളെ പൊട്ടക്കിണറുകളെത്തന്നെ കുഴിച്ചിരിക്കുന്നു" (യിരെമ്യാവ് 2:13). യഹോവയായ ദൈവം ഇപ്രകാരം അരുളിച്ചെയ്യുന്നു. "നിങ്ങൾ എന്നെ അന്വേഷിക്കുമ്പോൾ നിങ്ങൾ എന്നെ കണ്ടെത്തും" (യിരെമ്യാവ് 29:13).

ദൈവത്തിങ്കലേക്ക് വരിക. ഒരുനാൾ ഈ വിശുദ്ധനായ ദൈവത്തിന്റെ മുമ്പാകെ താങ്കളുടെ ജീവിതം വെളിപ്പെടും. തന്റെ തേജസ്സിന്റെ മുന്നിൽ കുറ്റമറ്റവരായി നിൽക്കുവാൻ ആർക്കും കഴിയുകയില്ല. നമ്മുടെ ശൈശവം മുതലുള്ള സകല തെറ്റുകളും പാപങ്ങളും വെളിച്ചത്തു കൊണ്ടുവരപ്പെടും. എന്നാൽ പരിശുദ്ധനായ ദൈവം നമ്മെ സ്നേഹിക്കുകയും നമ്മുടെ സഹവർത്തത്വം ആഗ്രഹിക്കുകയും ചെയ്യുന്നു. നമുക്കും ദൈവത്തിനും മദ്ധ്യേയുള്ള തടസ്സങ്ങൾ നീക്കുവാനായി കർത്താവായ യേശുക്രിസ്തു തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങൾ വഹിച്ചു. അവയ്ക്കുള്ള ശിക്ഷകളെ അവൻ ക്രൂശിൽ സഹിച്ചു. അങ്ങനെ നമുക്കുവേണ്ടി ശാശ്വതവും സമ്പൂർണ്ണവുമായ ഒരു ശുദ്ധീകരണം നിർവഹിച്ചു. "ഇതാ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹന്നാൻ 1:29).

പ്രിയ സ്നേഹിതാ, താങ്കളുടെ പാപങ്ങളും ക്രിസ്തുവിൽ സമർപ്പിക്കപ്പെട്ടിരിക്കുന്നു. തന്മൂലം, അവന്റെ അടിപ്പിണരുകളാൽ താങ്കൾക്കു സൗഖ്യം വന്നുമിരിക്കുന്നു. ഈ ക്രൂശിതനായ ക്രിസ്തുവിന്റെ സവിധത്തിൽ താങ്കൾ വരികയും അവനിൽ പരിപൂർണ്ണമായി വിശ്വാസമർപ്പിക്കുകയും ചെയ്യുന്നുവെങ്കിൽ അവന്റെ രക്തം സർവ്വ പാപവും നീക്കി നിങ്ങളെ ശുദ്ധീകരിക്കും. നിങ്ങൾ ഒരു കൊലപാതകിയോ, ദൈവദൂഷകനോ, മതഭ്രാന്തനോ ആയാലും ശരി, നിങ്ങളുടെ പാപം വലുതോ ചെറുതോ ഏതുമായിക്കോള്ളട്ടെ ക്രിസ്തു അവയെ നിരുപാധികം നിങ്ങളോട് ക്ഷമിക്കുന്നു. പാപങ്ങളെ മറച്ചുവയ്ക്കാതെ വാസ്തവമായി

മാനസാന്തരപ്പെടുന്ന ഏവനും, "മകനെ നിന്റെ പാപങ്ങൾ മോചിപ്പിക്കപ്പെട്ടിരിക്കുന്നു" എന്നു കർത്താവിൽനിന്നുള്ള സ്വർഗ്ഗീയ സമാധാനത്തിന്റെ വചനം കേൾക്കാൻ കഴിയും. അങ്ങനെ സ്വർഗ്ഗീയ സത്യം അനുഭവഭേദ്യമാവുകയും ചെയ്യുന്നു. "അപ്പനു മക്കളോടു കരുണ തോന്നുന്നുതു പോലെ യഹോവയ്ക്ക് തന്റെ ഭക്തരോടു കരുണ തോന്നുന്നു" (സങ്കീർത്തനം 103:13).

താങ്കളുടെ ജീവിതത്തെ ക്രിസ്തുവിനു ഏല്പിച്ചു കൊടുക്കുന്ന പക്ഷം അവന്റെ അനന്തമായ ജ്ഞാനത്താലും വർദ്ധമാനമായ സ്നേഹത്താലും താങ്കളെ അവൻ വഴി നടത്തും. അവൻ നിങ്ങൾക്ക് പുതിയ ഹൃദയം തരും. നിങ്ങളിൽ പുതിയൊരു ആത്മാവിനെ അവൻ പകരും. ദൈവം, ഭയപ്പെടാൻ തക്കവണ്ണം അന്യനും വിദൂരസ്ഥനുമല്ലെന്നും കർത്താവും രക്ഷിതാവുമായ യേശുക്രിസ്തു മുഖാന്തരം അവൻ നമ്മുടെ സ്വർഗ്ഗസ്ഥ പിതാവാകുന്നു എന്നും ഞങ്ങളോടൊത്തു നിങ്ങളും ഏറ്റുപറയും.

"ദൈവത്തെക്കുറിച്ച് നിങ്ങൾക്ക് അറിയുവാൻ താല്പര്യമുണ്ടോ?" എന്ന ചോദ്യത്തിന്റെ ഉത്തരം മനസ്സിലാക്കുവാൻ താല്പര്യമുണ്ടെങ്കിൽ "ക്രിസ്തുവിനെക്കുറിച്ച് നിങ്ങൾക്ക് എന്തു തോന്നുന്നു?" എന്ന പുസ്തകം അയച്ചുതരാൻ ഞങ്ങൾ സന്നദ്ധരാണ്. വ്യക്തമായ അഡ്രാസ്സ് എഴുതി (പിൻകോഡ് സഹിതം) ഉടൻ ആവശ്യപ്പെടുക. (എല്ലാ മുസ്ലീം കൂട്ടുകാർക്കും ഈ അഡ്രസ്സ് കൊടുക്കുക. അവരും കാർഡ് അയക്കട്ടെ. ഫ്രീ ബുക്ക് അവാർക്കും അയച്ചു കൊടുക്കുന്നതാണ്.